"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം) നം.2365/2019-മേലുള്ള 13.02.2020-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1873/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2020**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 02.08.2017-ലെ ഡി10-30876/2016 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 30.11.2017-ലെ ഡി10-30876/2016 നമ്പർ നടപടിക്രമങ്ങൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 08.12.2017-ലെ ഡി10-30876/2016 നമ്പർ കത്ത്

4 സർക്കാരിന്റെ 15.03.2018-ലെ 7/ഇപിബി3/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.2365/2019-മേലുള്ള 13.02.2020- ലെ വിധിന്യായം

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ ശ്രീ. കെ.നാരായണൻ എന്നവർ നടത്തിയിരുന്ന രാസവളം, കീടനാശിനി, സിമന്റ് ചില്ലറ വില്പന കേന്ദ്രത്തിന് നിയമാനുസൃതം ലൈസൻസ് പുതുക്കി നല്കിയില്ല എന്ന കുറ്റത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എൻ. വിനോദ് കുമാറിനെതിരെ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവെ ടിയാൻ സേവനത്തിൽ നിന്നും നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (2) പ്രകാരം തീർപ്പാക്കി കെ.എസ്.ആർ പാർട്ട് 3 റൂൾ 3 പ്രകാരം നടപടി സ്വീകരിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്യുകയുണ്ടായി. ആയതു പരിശോധിച്ചതിൽ ലൈസൻസ് നല്കുന്നതിന് അപ്പീൽ അധികാരി നിർദ്ദേശം നല്കിയിട്ടും ആയത് പാലിച്ചിട്ടില്ലായെന്നും മേലുദ്യോഗസ്ഥരുടെ ഉത്തരവുകൾക്കും നിർദേശങ്ങൾക്കും വിലകല്പിക്കാത്ത അധികാര ദുർവിനിയോഗം നടത്തിയതായി കണ്ട് ശ്രീ. എൻ. വിനോദ് കുമാറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 1 വർഷത്തേക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ശ്രീ. എൻ. വിനോദ് കുമാറിനെതിരെ അച്ചടക്ക നടപടി തുടർന്നുവരവെ, ശ്രീ. വിനോദ്കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.2365/2019-മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (5) പ്രകാരം താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു

"............. in view of the above, the first respondent is directed to ensure that the DCRG of the applicant as sanctioned in Annexure -A1 is released to him after deducting the total amount to be deducted from his pension as proposed in Annexure -A6. Necessary orders in this regard shall be issued immediately. DCRG and other benefits to the applicant should be released within in a period of one month."

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം III ചട്ടം 3ന്റെ അടിയിലെ റൂളിംഗ് 2 പ്രകാരം കുറ്റാരോപിതനെതിരെയുള്ള അച്ചടക്ക നടപടി തുടരാവുന്നതും ചട്ടം 3 പ്രകാരം ശിക്ഷയുടെ ഭാഗമായി ടിയാന്റെ പെൻഷൻ ഭാഗികമായോ, പൂർണ്ണമായോ, താൽകാലികമായോ, സ്ഥിരമായോ,പിൻവലിക്കുന്നതിനോ , തടഞ്ഞുവെക്കുന്നതിനോ സർക്കാരിന് തീരുമാനമെടുക്കാവുന്നതുമാണ്. കൂടാതെ ചട്ടം 3(A) ഭാഗം 3, കെ.എസ്.ആർ

പ്രകാരം വകുപ്പുതല അച്ചടക്ക നടപടി നേരിടുന്ന പെൻഷൻകാർക്ക് അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ DCRG നൽകുവാൻ വ്യവസ്ഥയുള്ളൂ. എന്നാൽ വിരമിച്ച തീയതി മുതൽ ടിയാന്റെ യോഗ്യമായ സർവ്വീസിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് അനുവദനീയമായ പരമാവധി പെൻഷനിൽ കവിയാത്ത ഒരു താൽക്കാലിക പെൻഷൻ അനുവദിക്കാവുന്നതാണ്.എന്നാൽ ടിയാന് ഈ താൽക്കാലിക പെൻഷൻ ലഭ്യമായില്ല എന്ന സാഹചര്യം പരിഗണിച്ചും ശ്രീ. വിനോദ്കുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.2365/2019-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും ഉത്തരവ് നടപ്പിലാക്കുന്നതിന് അനുവദിച്ച സമയപരിധി കഴിഞ്ഞ സാഹചര്യത്തിലും ബഹു. ട്രിബ്യൂണൽ ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം ശ്രീ. എൻ. വിനോദ് കുമാറിന് എതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ച ടിയാനെതിരെ ചുമത്തപ്പെട്ട പ്രതിമാസം 200/- രൂപ വീതം ഒരു വർഷത്തേക്കു കുറവു ചെയ്യുന്നതിന് നിർണ്ണയം ചെയ്ത തുകയായ 2400/- രൂപ ടിയാന്റെ DCRG യിൽ നിന്നും കുറവുചെയ്യുന്നതിനു ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. .

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എൻ. വിനോദ് കുമാർ, മുൻ സെക്രട്ടറി, കൊടുമ്പ് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/7/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S
Date: 2020.10.12 [illegible]:42:35 IST
Reason: Approved

സെക്ഷൻ ഓഫീസർ